അച്ചടി വകുപ്പിലെ സ്പെഷ്യൽ റൂൾസ്

248 (3535) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പ് (സാങ്കേതിക വിഭാഗം) നിലവിൽ പ്രവർത്തിച്ചുവരുന്നത് ഏതു വർഷത്തിൽ അംഗീകരിച്ച സ്പെഷ്യൽ റൂൾസ് പ്രകാരമാണെന്ന് അറിയിക്കുമോ ;

(ബി) പുതുക്കിയ സ്പെഷ്യൽ റൂൾസ് നിയമസഭാ സമിതി അംഗീകരിച്ചതാണോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് കരട് അടിസ്ഥാനമാക്കി സ്ഥാനക്കയറ്റവും സ്ഥലംമാറ്റങ്ങളും അനുവദിക്കുന്നതിന് കാരണം വിശദീകരിക്കുമോ ;

(ഡി) പ്രസ്തുത സ്പെഷ്യൽ റൂൾസ് കരട് നടപ്പാക്കുന്നതിന് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള നിയമസാധുത വ്യക്തമാക്കാമോ ;

(ഇ) സ്പെഷ്യൽ റൂൾസ് ഡ്രാഫ്റ്റ് നടപ്പാക്കുന്നതിന് മുൻകാല പ്രാബല്യം നൽകുന്ന ഏതെങ്കിലും കോടതി ഉത്തരവുകൾ നിലവിലുണ്ടോ എന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) 1976-ലെ സ്പെഷ്യൽ റൂൾ അനുസരിച്ചാണ് അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം പ്രവർത്തിച്ചുവന്നിരുന്നത്. എന്നാൽ OP 4484/01, 14124/2000, 18719/2002, 25357/2002, 26559/2001, 28990/2001 എന്നിവയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 6-1-2009-ലെ ഉത്തരവ് പ്രകാരം ഗവൺമെന്റ് പ്രസ്സുകളിലെ നിയമനങ്ങൾ കരട് സ്പെഷ്യൽ റൂൾ പ്രകാരമായിരിക്കണം നടത്തേണ്ടത് എന്ന് ഉത്തരവായിട്ടുണ്ട്. OP(KAT) 2906/2013, 3432/2013, എന്നിവയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 5-2-2014-ലെ ഉത്തരവിൽ സർക്കാർ പ്രസ്സിലെ എല്ലാ നിയമനങ്ങളും സ്ഥാനക്കയറ്റങ്ങളും കരട് സ്പെഷ്യൽ റൂൾസ് പ്രകാരം ആയിരിക്കണമെന്ന് ഉത്തരവാകുകയും തദനുസരണം അച്ചടി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) അംഗീകരിച്ചിട്ടില്ല.

(സി&ഡി) 6-1-2009, 5-2-2014 എന്നീ തീയതികളിലെ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കരട് സ്പെഷ്യൽ റൂൾ പ്രകാരം നിയമനങ്ങളും സ്ഥാനക്കയറ്റവും നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) 6-1-2009-ലെ ബഹു. ഹൈക്കോടതി വിധിപ്രകാരം കരട് സ്പെഷ്യൽ റൂൾ ടി തീയതി മുതൽ പ്രാബല്യം നൽകി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly